**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.482** **01.07.2019-ലെ മറുപടിക്ക്**

**സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കാനുള്ള പരിപാടികൾ**

**ചോദ്യം** **ഉത്തരം**

**ശ്രീ. എ. എൻ. ഷംസീർ**

**പ്രൊഫ. കെ.യു. അരുണൻ**

**ശ്രീ. കാരാട്ട് റസാഖ്**

**ശ്രീ. ഐ.ബി. സതീഷ്**

**ഡോ. ടി.എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | വിവിധ കാരണങ്ങൾ കൊണ്ട് സമ്പദ് വ്യവസ്ഥയ്ക്കുണ്ടായ തിരിച്ചടി മറികടക്കുന്നതിന് മൂലധന ചെലവിൽ വർദ്ധന വരുത്തിക്കൊണ്ടും ഉപഭോക്തൃ ചരക്കുകളുടെ ഡിമാന്റ് വർദ്ധിപ്പിച്ച് കമ്പോള ശാക്തീകരണം വഴിയും സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടിയുടെ വിശദാംശം ലഭ്യമാക്കാമോ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും, നോട്ട് നിരോധനത്തിന്റെയും, വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിച്ചു. ആവർത്തിച്ചുണ്ടായ പ്രകൃതി ദുരന്തങ്ങൾ സാമ്പത്തിക സ്ഥിതിയെ കൂടുതൽ ദുർബലമാക്കി. ടി പ്രതികൂല സാഹചര്യം തരണം ചെയ്യുന്നതിനായി ദീർഘകാല ഹ്രസ്വകാല അടിസ്ഥാനത്തിലുള്ള നടപടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.<br>വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു.<br>1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ |

ഉദ്ദേശിക്കുന്നു. സമാനതകളില്ലാത്ത ഈ നിക്ഷേപം ഉളവാക്കുന്ന സാമ്പത്തിക ഉത്തേജനം നിലവിലെ സാമ്പത്തിക മുരടിപ്പിന് ഒരു മറുമരുന്നാകും. 43,731 കോടി രൂപയുടെ പദ്ധതികൾക്ക് KIIFB ഇതിനോടകം അംഗീകാരം നൽകി കഴിഞ്ഞു.

2019-20 വാർഷിക പദ്ധതിയിൽ ജീവനോപാധി വികസനത്തിന് 4700 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് സംസ്ഥാന വിഹിതമായി 230 കോടി രൂപയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് 75 കോടി രൂപയും അനുവദിച്ചിട്ടുണ്ട് .

പ്രളയത്തിന്റെ പശ്ചാത്തലത്തിൽ, 11,000/- കോടി രൂപയുടെ പുനരധിവാസ വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 60 % കൃഷിക്കും 20 % ചെറുകിട വ്യവസായ മേഖലയ്ക്കുമാണ്. തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ സമഗ്ര ജീവനോപാധി പദ്ധതി തയ്യാറാക്കുന്നതിന് പ്രളയബാധിത പഞ്ചായത്തുകൾക്കായി 250 കോടി രൂപ പ്രത്യേകമായി നീക്കിവെച്ചിട്ടുണ്ട്. പ്രളയാനന്തരം കേരളത്തിന്റെ പുനർനിർമ്മാണത്തിന് റിബിൽഡ് കേരളയ്ക്കായി പദ്ധതിയിൽ 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

വ്യവസായ പാർക്കുകളിലേക്ക് കോർപ്പറേറ്റ് നിക്ഷേപം ആകർഷിക്കുന്നതിനും സ്റ്റാർട്ട് അപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ വിഭാവനം ചെയ്യിട്ടുണ്ട്. അന്തർദേശീയ നിലവാരത്തിലുള്ള റൈസ് പാർക്കുകളും റബ്ബർ പാർക്കും 1000 കോടിയുടെ രണ്ടാം കുട്ടനാട് പാക്കേജും 2019 -20 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തിക വർഷം തീരദേശത്തെ വികസന പ്രവർത്തനങ്ങൾക്കായി ആയിരത്തിലേറെ കോടി രൂപ ചെലവഴിക്കും.

ബേക്കൽ-കോവളം ജലപാത, തെക്ക വടക്ക സമാന്തര റെയിൽ പാത തുടങ്ങിയവയുടെ നിർമ്മാണം ബജറ്റിൽ ഉറപ്പ

| | | |
|---|---|---|
| | | നൽകിയിട്ടുണ്ട്. പൂർണ്ണമായും സ്ത്രീകൾക്കുള്ള സ്കീമുകളുടെ അടങ്കൽ 760 കോടി രൂപയായും പൊതു വികസന സ്കീമുകളിലെ സ്ത്രീകൾക്കായുള്ള പ്രത്യേക ഘടകം കൂടിയുള്ള വിഹിതം 16.85 % ഉം വർദ്ധിപ്പിച്ചു. കുടുംബശ്രീയുടെ മൊത്തം ബജറ്റ് 1000 കോടി രൂപയാണ് . ലൈഫ് മിഷന്റെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതർക്കുള്ള ഭവന സമുച്ചയങ്ങൾക്കായി 1296 കോടി രൂപ അനുവദിച്ചു.<br><br>പൊതുവിദ്യാഭ്യാസ രംഗത്തെ സൗകര്യങ്ങളുടെ വിപുലീകരണത്തിന് കിഫ്ബിയിൽ നിന്നും 2037.91 കോടി രൂപയും കിഫ്ബി ധനസഹായം ലഭിച്ചിട്ടില്ലാത്ത സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിന് 170 കോടി രൂപയും അക്കാദമിക മികവിന് 32 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രളയക്കെടുതിയിൽ നിന്ന് കാർഷിക മേഖലയ്ക്ക് പുനർജന്മം നൽകാൻ 2500 കോടി രൂപ നടപ്പുവർഷം ചെലവഴിക്കും. ഇതിൽ ഭക്ഷ്യവിളകൾക്കുള്ള 167 കോടി രൂപയും പച്ചക്കറിക്കുള്ള 71 കോടി രൂപയും സംസ്ഥാന ക്രോപ്പ് ഇൻഷ്വറൻസ് സ്കീമിനുള്ള 20 കോടി രൂപയും മണ്ണ് ജല സംരക്ഷണത്തിനുള്ള 120 കോടി രൂപയും ഉൾപ്പെടും.<br><br>മൃഗപരിപാലനം, ഉൾനാടൻ മത്സ്യമേഖല, കശുവണ്ടി, കയർ, കൈത്തറി, ഖാദി ഗ്രാമവ്യവസായം, വാണിജ്യം തുടങ്ങിയ മേഖലകൾക്ക് 2019-20 ലെ ബജറ്റിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ ഉപപദ്ധതികളുടെ മൊത്തം അടങ്കൽ യഥാക്രമം 1977 കോടി രൂപ 663 കോടി രൂപയാക്കി ഉയർത്തിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നും ഏതാണ്ട് 4000 കോടി രൂപയുടെ പ്രവർത്തികൾ ആരോഗ്യമേഖലയിൽ ഈ സാമ്പത്തിക വർഷം നടപ്പിലാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>2019-20 ൽ 39807.17 കോടി രൂപയുടെ |

| | | |
|---|---|---|
| | | വാർഷിക പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 7500 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | നിക്ഷേപകരിൽ ആശങ്ക സൃഷ്ടിക്കാൻ ചിലർ നടത്തുന്ന ദുരുപദിഷ്ട നീക്കം മറികടന്നുകൊണ്ട് പ്രവാസിചിട്ടി യൂറോപ്പ് ഉൾപ്പെടെ കൂടുതൽ മേഖലകളിലേക്ക് വിപുലീകരിച്ചിട്ടുണ്ടോ; ഇതിനായി കെ.എസ്.എഫ്.ഇ.യുടെ സ്ഥാപന ശാക്തീകരണത്തിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ; | പ്രവാസി ചിട്ടി 2019 മെയ് മാസം പതിനേഴാം തീയതി മുതൽ യൂറോപ്പിലെങ്ങും ലഭിച്ചു തുടങ്ങിയിട്ടുണ്ട്. നിലവിലെ സാങ്കേതിക വിദ്യ പരമാവധി ഉപയോഗപ്പെടുത്തിയാണ് പൂർണ്ണമായും ഓൺലൈനിൽ പ്രവർത്തിക്കുന്ന ഈ പദ്ധതിയും കെ.എസ്.എഫ്.ഇ. തയ്യാറാക്കിയിരിക്കുന്നത്. താമസിയാതെ മറ്റു രാജ്യങ്ങളിലെ മലയാളികൾക്കെല്ലാം പ്രവാസി ചിട്ടിയുടെ സേവനം ലഭ്യമാക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ത്വരണം നൽകുന്ന രീതിയിൽ കെ.എഫ്.സി.യെ പുനഃസംഘടിപ്പിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ? | സംസ്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായക ശക്തിയാകാവുന്ന സാമ്പത്തിക സ്ഥാപനമെന്ന നിലയിലേയ്ക്ക് കെ.എഫ്.സി.യെ എത്തിക്കുന്നതിനായി കെ.എഫ്.സി.യുടെ ഡയറക്ടർ ബോർഡിനെ പ്രൊഫഷണലായി പുനഃസംഘടിപ്പിച്ചു കൊണ്ടാണ് പരിഷ്കരണങ്ങൾ ആരംഭിച്ചത്. അടുത്ത രണ്ടു വർഷം കൊണ്ട് കെ.എഫ്.സി.യുടെ വായ്പാ ആസ്തി ഇരട്ടിപ്പിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് കെ.എഫ്.സി.യുടെ വായ്പ നയത്തിൽ സമൂലമായ മാറ്റങ്ങളാണ് നടപ്പിലാക്കിയത്. താഴെ പറയുന്ന മൂന്ന് രീതിയിലുള്ള തന്ത്രങ്ങളാണ് കെ.എഫ്.സി. പ്രധാനമായും ആവിഷ്കരിച്ചത്.<br>1. നിലവിലുള്ള കിട്ടാക്കടം കുറയ്ക്കുക.<br>2. മികച്ച സംരംഭകരെ കണ്ടെത്തി വായ്പാ ആസ്തി വർധിപ്പിക്കുക.<br>3. കെ.എഫ്.സി.ക്ക് കുറഞ്ഞ നിരക്കിൽ ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുക. |

**സെക്ഷൻ ഓഫീസർ**